ഐ.ഐ.റ്റി.എഫ്.ഡൽഹി : ഡൽഹിയിൽ വച്ച് നടക്കുന്ന അന്താരാഷ്ട്ര ഫെയറിൽ വർഷം തോറും സംസ്ഥാനത്തിന്റെ പ്രാതിനിധ്യം ഉറപ്പാക്കുകയും അതിലൂടെ ചെറുകിട പരമ്പരാഗത വ്യവസായ സംരംഭകരെ പങ്കെടുപ്പിക്കുകയും അഖിലേന്ത്യാ തലത്തിൽ കേരളീയ ഉൽപ്പന്നങ്ങൾക്ക് വിപണന സൗകര്യം ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടേയും ആഭിമുഖ്യത്തിൽ ചെറുകിട വ്യവസായ സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് മേളകൾ സംഘടിപ്പിക്കുന്നുണ്ട്.

(ബി) കേരള വാണിജ്യ മിഷൻ എന്ന പേരിൽ പുതിയ സംരംഭം സർക്കാർ ആരംഭിച്ചിട്ടില്ല.

(സി&ഡി) (ബി) വിഭാഗം മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കൊച്ചിയിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ച സ്കൈ സിറ്റി പദ്ധതി

190(897) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ബാബു :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ച സ്കൈ സിറ്റി പദ്ധതിക്ക് അനുമതി നൽകുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തു തീരുമാനമാണ് കൈക്കൊണ്ടിരുന്നത് എന്ന് വിശദമാക്കുമോ ;

(ബി) ഈ പദ്ധതിക്ക് അനുമതി നൽകേണ്ടതില്ല എന്ന് തീരദേശപരിപാലന അതോറിറ്റി തീരുമാനിച്ചിട്ടുണ്ടോ ;

(സി) ഇതു സംബന്ധിച്ച് തീരദേശപരിപാലന അതോറിറ്റിയിൽ നിന്നും സംസ്ഥാന സർക്കാരിന് എന്തെങ്കിലും ഔദ്യോഗിക അറിയിപ്പ് ലഭിച്ചിട്ടുണ്ടോ :

(ഡി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) ഈ പദ്ധതിക്ക് ഏതൊക്കെ സർക്കാർ ഏജൻസികളുടെ അനുമതിയാണ് ഇതുവരെ നൽകിയിട്ടുള്ളത് എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) പദ്ധതിക്ക് അനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളൂ.

(ബി) ഈ പദ്ധതിക്ക് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ ശിപാർശയിന്മേൽ അനുമതി നൽകേണ്ടത് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയമാണ്. കേരള തീരദേശ പരിപാലന അതോറിറ്റി ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല. സി.ആർ.ഇസഡ്. അനുമതി നൽകുന്നതു സംബന്ധിച്ചുള്ള നിയമപരവും സാങ്കേതികവുമായ പ്രശ്നങ്ങൾ 3-2-2011-ൽ പദ്ധതി പ്രയോക്താവിനെ അറിയിക്കുകയും വിശദീകരണം തേടുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) ഈ വിഷയത്തിൽ തീരദേശ പരിപാലന സമിതി ചെയർമാൻ ബഹു. മുഖ്യമന്ത്രിക്ക് 4-11-2010-ൽ വിശദമായ കുറിപ്പ് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കുറിപ്പിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ഇ) ഈ പദ്ധതിക്ക് സർക്കാർ ഏജൻസികൾ ഒന്നും തന്നെ അന്തിമ അനുമതി നൽകിയിട്ടില്ല.

കേന്ദ്ര സഹായത്തോടെ സംസ്ഥാനം നടപ്പാക്കുന്ന വ്യവസായ പദ്ധതികൾ

191(698) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പൊതുവായ വ്യവസായവികസനത്തിന് കേന്ദ്രസർക്കാരിന്റെ സഹകരണത്തോടെ ഈ സർക്കാർ ഇതുവരെ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കി എന്ന് അറിയിക്കുമോ ;

(ബി) ഇത്തരം സംയുക്തസംരംഭങ്ങളിലൂടെ എന്തുമാത്രം കേന്ദ്ര വ്യവസായനിക്ഷേപം സംസ്ഥാനത്തേക്ക് കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) ഇനിയും ഇത്തരം ഏതൊക്കെ പദ്ധതികളാണ് കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) ഈ സാമ്പത്തികവർഷം ഇവയിൽ ഏതൊക്കെ സംരംഭങ്ങളുടെ പ്രവർത്തനം ആരംഭിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡ്, ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് എന്നിവയുടെ യൂണിറ്റുകൾ കിൻഫ്രയുടെ വിവിധ പാർക്കുകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ടി. പദ്ധതികളുടെ ഒന്നാംഘട്ടം പൂർത്തിയാകുമ്പോൾ യഥാക്രമം 60 കോടി, 11 കോടി, 250 കോടി രൂപയുടെ നിക്ഷേപം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ ആട്ടോകാസ്റ്റിന്റെയും സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിന്റെയും സൗകര്യങ്ങൾ ഉപയോഗിച്ച് ഇൻഡ്യൻ റെയിൽവേയുമായി സഹകരിച്ച് സംയുക്ത മേഖലയിൽ ഒരു ഫാബ്രിക്കേറ്റഡ് ബോഗി കംപോണന്റ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.ടി.പി.സി. ടെൽക്ക്-എൻ.ടി.പി.സി. സംയുക്ത സംരംഭത്തിൽ 31.34 കോടി രൂപയുടെ നിക്ഷേപവും, കെൽടെക്ക് ബ്രഹ്മോസ് ഏറോസ്പേസിനു കൈമാറിയതുവഴി ഡി.ആർ.ഡി.ഒ. 50 കോടി രൂപയുടെയും ഐ.എസ്.ആർ.ഒ. 15 കോടി രൂപയുടെയും നിക്ഷേപം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly